ഉത്തരം

(എ) 18-3-2003-ൽ നടത്തിയ എസ്. എസ്. എൽ. സി. പരീക്ഷ (ഇംഗ്ലീഷ് രണ്ടാം പേപ്പർ) ഹർത്താൽ മൂലം പല കുട്ടികൾക്കും എഴുതാൻ കഴിഞ്ഞിട്ടില്ല.

(ബി) പ്രസ്തുത കുട്ടികൾക്കു വേണ്ടി 3-4-2003-ൽ പരീക്ഷ എഴുതുന്നതിനുള്ള പകരം സംവിധാനം ഉണ്ടാക്കിയിരുന്നു.

(സി) ഇംഗ്ലീഷ് രണ്ടാം പേപ്പറിനായിരുന്നു ഇപ്രകാരം പ്രത്യേക പരീക്ഷ നടത്തേണ്ടതായി വന്നത്.

(ഡി) പ്രത്യേക പരീക്ഷ എഴുതിയ 195 കുട്ടികളിൽ 38 പേർ വിജയിച്ചിട്ടുണ്ട്.

എസ്. എസ്. എൽ. സി. പാസ്സായ വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കാൻ നടപടി

76 (673) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ എസ്. എസ്. എൽ. സി. പരീക്ഷയിൽ പാസ്സായ കുട്ടികൾ എത്ര ;

(ബി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ;

(സി) ഹയർ സെക്കന്ററി സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള ആകെ സീറ്റ് എത്ര ;

(ഡി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഇ) എസ്. എസ്. എൽ. സി. പാസ്സായ കുട്ടികൾക്ക് അവരവരുടെ ജില്ലകളിൽ തന്നെ പഠനം തുടർന്ന് നടത്തുന്നതിനുള്ള സൗകര്യം നിലവിലുണ്ടോയെന്ന് പരിശോധിക്കുമോ ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള സൗകര്യം ഉണ്ടാക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ&ബി) 2003 മാർച്ചിൽ നടന്ന എസ്. എസ്. എൽ. സി. പരീക്ഷയിൽ മൊത്തം 3,62,392 കുട്ടികൾ പാസ്സായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	34314
കൊല്ലം	29137
പത്തനംതിട്ട	14448
ആലപ്പുഴ	24467
കോട്ടയം	18437
ഇടുക്കി	9994
എറണാകുളം	38161
തൃശ്ശൂർ	34157
പാലക്കാട്	23959
മലപ്പുറം	46158
കോഴിക്കോട്	36434
വയനാട്	7821
കണ്ണൂർ	32198
കാസർഗോഡ്	12507

(സി) ഹയർ സെക്കന്ററി സ്കൂളുകളിൽ പ്ലസ് വൺ അഡ്മിഷന് 2003-04 സ്കൂൾ വർഷത്തിൽ ആകെ 2,48,280 സീറ്റുകൾ ലഭ്യമാണ്.

(ഡി) ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു :

തിരുവനന്തപുരം	28,740
കൊല്ലം	20,100
പത്തനംതിട്ട	15,840
ആലപ്പുഴ	19,140
കോട്ടയം	23,940
ഇടുക്കി	9,600
എറണാകുളം	29,280
തൃശ്ശൂർ	22,260
പാലക്കാട്	13,800
മലപ്പുറം	20,760
കോഴിക്കോട്	16,320

LIBRARY ARCHIVES Kerala Legislative Assembly

വയനാട്	5,580
കണ്ണൂർ	16,260
കാസർഗോഡ്	6,660
ആകെ	2,48,280

(ഇ&എഫ്) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പാഠപുസ്തകങ്ങൾ എത്തിക്കാൻ നടപടി

77 (674) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003 അദ്ധ്യയന വർഷം അവസാനിച്ചപ്പോഴും പല ക്ലാസ്സുകളിലെയും പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞില്ലെന്നത് ശരിയാണോ ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) ഈ അദ്ധ്യയന വർഷത്തിൽ വിതരണം ചെയ്യേണ്ട പാഠപുസ്തകങ്ങൾ പൂർണ്ണമായും അച്ചടിച്ചു കഴിഞ്ഞോ ;

(ഡി) എങ്കിൽ അവ എന്നത്തേക്ക് സ്കൂളുകളിൽ വിതരണത്തിന് ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) മുൻ വർഷത്തിൽനിന്നും വ്യത്യസ്തമായി ഈ വർഷം ആദ്യ ടേമിൽ തന്നെ എല്ലാ ക്ലാസ്സുകളിലും പാഠപുസ്തകങ്ങൾ എത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 2002-2003 വർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടിയിൽ അവിചാരിതമായ കാരണങ്ങൾ കൊണ്ട് കാലതാമസം സംഭവിച്ചിട്ടുണ്ട്. അച്ചടിക്കാവശ്യമായ കടലാസ്സിന്റെ ദൗർലഭ്യം, സർക്കാർ ജീവനക്കാരുടെ സമരം, പ്രസ്സുകളിലെ തൊഴിൽ പ്രശ്നം എന്നിവ അവയിൽ ചിലതു മാത്രമാണ്. അച്ചടിച്ച പുസ്തകങ്ങളുടെ വിതരണം സംബന്ധിച്ചും ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. നേരത്തെ വില കൊടുത്ത് പുസ്തകം വാങ്ങിയ പലരും സൗജന്യമായി എസ്. എസ്. എ. പദ്ധതി അനുസരിച്ച് പുസ്തക വിതരണം നടത്തിയപ്പോൾ വീണ്ടും ആവശ്യപ്പെടുകയുണ്ടായി. അതിനാൽ ചില സ്ഥലങ്ങളിൽ പുസ്തക വിതരണത്തിൽ തടസ്സം ഉണ്ടായിട്ടുണ്ട്. ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള നടപടികൾ അപ്പപ്പോൾ തന്നെ സ്വീകരിക്കുകയും പുസ്തകങ്ങൾ എത്തിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല. 80% ത്തോളം അച്ചടി പൂർത്തിയാക്കി വിതരണത്തിന് സജ്ജമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly